LIBRARY ARCHIVES Kerala Legislative Assembly

പട്ടികവർഗ്ഗക്കാരുടെ ക്ഷേമം

281 (4272) ശ്രീ. സാജു പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പട്ടികവർഗ്ഗ വിഭാഗക്കാരുടെ ക്ഷേമം വിലയിരുത്തിയിട്ടുണ്ടോ ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര പട്ടികവർഗ്ഗക്കാർ അസുഖംമൂലവും പോഷക ആഹാരക്കുറവ് മൂലവും മരണപ്പെട്ടിട്ടുണ്ടെന്ന് ജില്ല തിരിച്ച് അറിയിക്കുമോ ;

(സി) സ്വന്തമായി സ്ഥലമോ വീടോ ഇല്ലാത്ത എത്ര പട്ടികവർഗ്ഗകുടുംബങ്ങൾ ഉണ്ടെന്ന് ജില്ല തിരിച്ച് വ്യക്തമാക്കുമോ ;

(ഡി) പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട എത്ര വിദ്യാർത്ഥികൾ ഹോസ്റ്റലുകളിൽ താമസിച്ച് പഠിക്കുന്നുണ്ടെന്ന് ജില്ല തിരിച്ച് അറിയിക്കുമോ ?

ഉത്തരം

(എ) പട്ടികവർഗ്ഗക്കാരുടെ സാമൂഹ്യ സാമ്പത്തിക സ്ഥിതിയെക്കുറിച്ച് പട്ടികവർഗ്ഗ വികസന വകുപ്പ് ഒരു സർവ്വെ നടത്തുകയും പ്രസ്തുത റിപ്പോർട്ട് 2012-ൽ പ്രസിദ്ധീകരിക്കുകയും ചെയ്തു. പട്ടികവർഗ്ഗക്കാരുടെ അടിസ്ഥാന സൗകര്യങ്ങളെ കുറിച്ചും, സാമ്പത്തികം, വിദ്യാഭ്യാസം, ആരോഗ്യം, തൊഴിൽ എന്നീ എല്ലാ മേഖലകളെക്കുറിച്ചും പ്രസ്തുത സർവ്വെ മുഖേന വിവരങ്ങൾ ശേഖരിക്കുകയും ആയത് പ്രസിദ്ധീകരിക്കുകയും ചെയ്തിട്ടുണ്ട്. ഇതിലൂടെ പട്ടികവർഗ്ഗക്കാർക്ക് ലഭ്യമായ സൗകര്യങ്ങളെക്കുറിച്ചും അവരുടെ ആവശ്യങ്ങളെക്കുറിച്ചും മനസ്സിലാക്കുവാനും ആയതിന്റെ അടിസ്ഥാനത്തിൽ പട്ടികവർഗ്ഗക്കാരുടെ ക്ഷേമത്തിനായി പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. ഇതിന് പുറമേ വകുപ്പിലെ ഉദ്യോഗസ്ഥന്മാരുടെ യോഗത്തിലും കാലാകാലങ്ങളിൽ ലഭ്യമാകുന്ന ഔദ്യോഗിക റിപ്പോർട്ടുകളിൽ നിന്നും ലഭിക്കുന്ന വിവരങ്ങളുടെ അടിസ്ഥാനത്തിൽ പട്ടികവർഗ്ഗക്കാരെ സംബന്ധിച്ച വിവരങ്ങൾ വിലയിരുത്താറുണ്ട്.

(ബി) വിവരം ശേഖരിച്ചുവരുന്നു.

(സി) ഭൂരഹിത പട്ടികവർഗ്ഗ കുടുംബങ്ങളുടെ ലിസ്റ്റ് അനുബന്ധം 1*-ഉം, വീടില്ലാത്ത കുടുംബങ്ങളുടെ ലിസ്റ്റ് അനുബന്ധം 2 ഉം ആയി ചേർക്കുന്നു.*

(ഡി) ആകെ 7598 പട്ടികവർഗ്ഗ വിദ്യാർത്ഥികൾ പട്ടികവർഗ്ഗ വികസന വകുപ്പിന്റെ ഹോസ്റ്റലുകളിൽ താമസിച്ച് പഠിക്കുന്നു. ജില്ലതിരിച്ചുള്ള കണക്ക് അനുബന്ധം 3 ആയി ഉള്ളടക്കം ചെയ്തുകൊള്ളുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.